# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 77**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

2022 സെപ്റ്റംബർ മാസം 13, 14, 15 എന്നീ തീയതികളിൽ തിരുവല്ലാ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത സ്മാരക ഓഡിറ്റോറിയത്തിൽ വച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടിയ സഭാ പ്രതിനിധി മണ്ഡലം എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് നാലു പേരെ കൂടി തെരഞ്ഞെടുക്കണമെന്ന് തീരുമാനിക്കുകയും ഇതിനായി തക്ക യോഗ്യതയുള്ള ആളുകളെ നിർദ്ദേശിക്കുന്നതിന് 25 അംഗങ്ങളുള്ള ഒരു ബോർഡിനെ തെരഞ്ഞെടുക്കുകയും പ്രസ്തുത തീരുമാനവും തെരഞ്ഞെടുപ്പും എപ്പിസ്കോപ്പൽ സിനഡ് അംഗീകരിക്കുകയും ചെയ്തു. 2022 ഒക്ടോബർ മാസം 31–ാം തീയതി തിങ്കളാഴ്ച 5.00 പി.എം–നകം പേരുകൾ സഭാ സെക്രട്ടറി റവ. സി. വി. സൈമൺ, മാർത്തോമ്മാ സഭാ ഓഫീസ്, തിരുവല്ല 689 101, കേരളം എന്ന വിലാസത്തിൽ അറിയിക്കേണ്ടതാണെന്ന് 64–ാം സർക്കുലർ കല്പന മൂലം സഭാംഗങ്ങളെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണല്ലോ. നോമിനേഷൻ ബോർഡിന്റെ മുൻപാകെ 16 വൈദികരുടെ പേരുകൾ ലഭിക്കുകയുണ്ടായി. എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡ് പല പ്രാവശ്യം കൂടി ആവശ്യമായ അന്വേഷണത്തിനും പരിചിന്തനത്തിനും ശേഷം താഴെ പറയുന്ന 3 പേരെ നാമനിർദ്ദേശം ചെയ്തു.

1. ആർത്താറ്റ് കുന്നംകുളം മാർത്തോമ്മാ ഇടവകയിൽ ചെമ്മണ്ണൂർ ദിവ്യശ്രീ സാജു സി. പാപ്പച്ചൻ കശ്ശീശാ
2. കൊച്ചുകോയിക്കൽ ട്രിനിറ്റി മാർത്തോമ്മാ ഇടവകയിൽ കാരംവേലിമണ്ണിൽ ദിവ്യശ്രീ ഡോ. ജോസഫ് ഡാനിയേൽ കശ്ശീശാ
3. മല്ലപ്പള്ളി മാർത്തോമ്മാ ഇടവകയിൽ കിഴക്കേചെറുപാലത്തിൽ (സിഹോറ ക്രിസ്ത പന്ഥി ആശ്രമാംഗം) ദിവ്യശ്രീ. മാത്യു കെ. ചാണ്ടി കശ്ശീശാ

പ്രസ്തുത പേരുകൾ ബോർഡ് 2023 ഫെബ്രുവരി മാസം 20–ാം തീയതി കൂടിയ സഭാ കൗൺസിലിനെ ഭരണഘടന 19–ാം വകുപ്പനുസരിച്ച് അറിയിച്ചു.

ഈ വൈദികരെ മേല്പ്പട്ട സ്ഥാനത്തേയ്ക്ക് സ്വീകരിക്കുന്നതിന് സഭാംഗങ്ങളിൽ ആർക്കെങ്കിലും ന്യായമായ വല്ല ആക്ഷേപവും ഉണ്ടായിരുന്നാൽ, ആയത് 2023 മാർച്ച് മാസം 14–ാം തീയതി ചൊവ്വാഴ്ച വൈകിട്ട് 5 മണിക്കകം ലഭിക്കത്തക്കവണ്ണം ബോർഡ് സെക്രട്ടറിയായ സഭാ സെക്രട്ടറിയെ (മാർത്തോമ്മാ സഭാ ഓഫീസ്, തിരുവല്ല – 689 101 കേരളം, ഇന്ത്യ) എഴുതി അറിയിക്കേണ്ടതാണ്. നിശ്ചിത തീയതിയായ 2023 മാർച്ച് മാസം 14–ാം തീയതി വൈകിട്ട് 5 മണിക്കു ശേഷം ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല. ആക്ഷേപങ്ങൾ കേട്ടു തീരുമാനിക്കുന്നതിനായി 2023 മാർച്ച് മാസം 22–ാം തീയതി ബുധനാഴ്ച രാവിലെ 10.30 മണിക്ക് തിരുവല്ല സഭാ ആസ്ഥാനത്തുള്ള തോമസ് മാർ അത്താനാസ്യോസ് മെമ്മോറിയൽ ബ്ലോക്കിലുള്ള സഭാ കൗൺസിൽ ചേമ്പറിൽ ബോർഡ് കൂടുന്നതാണ്. ആക്ഷേപകർ ബോർഡ് മുൻപാകെ പ്രസ്തുത സ്ഥലത്തും, തീയതിയിലും, സമയത്തും നേരിട്ട് ഹാജരായി ഉന്നയിച്ച ആരോപണങ്ങൾക്ക് വ്യക്തമായ തെളിവ് നൽകേണ്ടതാണ്.

എപ്പിസ്കോപ്പാ സ്ഥാനം അതിപാവനമായിട്ടുള്ളതാണെന്നും ആ സ്ഥാനത്ത് സർവ്വഥാ യോഗ്യരായ ആളുകൾ പ്രവേശിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും ഓർക്കുമല്ലോ. അതിനാൽ മനുഷ്യശങ്കയോ, മുഖപക്ഷമോ, സ്വാർത്ഥതയോ കൂടാതെ ഏവരും പ്രവർത്തിക്കണം. സഭയുടെ പുരോഗമനത്തിനും ജനങ്ങളുടെ നന്മയ്ക്കും സർവ്വോപരി ദൈവനാമ മഹത്വത്തിനും സഹായകരമായ വിധത്തിൽ പ്രസ്തുത സ്ഥാനത്തേയ്ക്ക് ഉത്തമ സ്വഭാവം, നല്ല സാക്ഷ്യം, പഥ്യോപദേശം, വിശ്വാസ സ്ഥിരത, ദൈവഭക്തി, പക്വബുദ്ധി, കാര്യപ്രാപ്തി എന്നിത്യാദി ഗുണങ്ങൾ കൊണ്ട് യോഗ്യരായ ആളുകളെ തെരഞ്ഞടുക്കുന്നതിന് നിങ്ങളേവരും പ്രാർത്ഥനയോടെ സഹകരിക്കണം.

പ്രിയരെ, കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ സഭയുടെ മേലദ്ധ്യക്ഷന്മാരായി തക്ക നേതാക്കന്മാരെ നൽകി നമ്മെ അനുഗ്രഹിച്ച സ്വർഗ്ഗീയ പിതാവു തന്നെ ഈ അവസരത്തിലും നമ്മുടെ ആവശ്യമറിഞ്ഞു നമ്മെ സഹായിക്കുമെന്ന് പ്രത്യാശിക്കുകയും അതിനായി മുട്ടിപ്പായി പ്രാർത്ഥിക്കുകയും ചെയ്യാം.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2023 ഫെബ്രുവരി മാസം 20–ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No: 77**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority*

Dearly beloved in the Lord,

The Sabha Prathinidhi Mandalam held on 13th, 14th and 15th September 2022 at the Dr. Alexander Mar Thoma Valiya Metropolitan Smaraka Auditorium, Tiruvalla, presided by us, resolved to elect four more persons to the Episcopal Office of the Church and elected a 25-member Nomination Board to nominate persons suitable to be raised to the Episcopate. This decision and election were subsequently approved by the Episcopal Synod. The members of the Church were intimated through the Metropolitan's Circular Kalpana No. 64 that names of persons qualified for the Episcopate be sent to Rev. C. V. Symon, Sabha Secretary, Mar Thoma Sabha Office, Tiruvalla- 689 101, Kerala, India, before 5.00 p.m. on Monday, 31st October 2022. The names of 16 Achens were forwarded to the Episcopal Nomination Board.

The Episcopal Nomination Board met several times and after detailed enquiries and due consideration, has prepared a list of the following three Achens as provisional Episcopal Nominees:

1. Rev. Saju C.Pappachen, Chemmannoor of Arthat Kunnamkulam Mar Thoma Church
2. Rev. Dr. Joseph Daniel, Karamvelimannil of Kochukoickal Trinity Mar Thoma Church
3. Rev. Mathew K. Chandy, Kizhakkecherupalathil of Mallappally Mar Thoma Church (member of Sihora Christa Panthi Ashram)

These names were forwarded to the Sabha Council which met on 20th February 2023 as per Section 19 of the Sabha Constitution.

If any member of the Church has any reasonable objection regarding any person in the above list, he or she may communicate the same in writing to the Sabha Secretary, who is also the Secretary of the Episcopal Nomination Board (Mar Thoma Sabha Office, Thiruvalla-689 101, Kerala, India) before 5.00 p.m. on Tuesday, 14th March 2023. Objections received after the specified time and date shall not be considered. The Board shall meet on Wednesday, 22nd March 2023 at 10.30 a.m. at the Sabha Council Chamber in the Thomas Mar Athanasius Memorial Block at the Church Headquarters, Tiruvalla, to hear the objections and to take decisions on them. Persons having objections should appear before the Board in person at the specified date, time and place and produce clear evidence regarding the objections raised.

It is to be borne in mind that the office of the Episcopa is most sacred and that it is absolutely essential that only upright persons for such a sacred office should assume the same. Therefore, all should act without any influence of self-interest, fear, or favour. All of you are hereby exhorted to prayerfully co-operate in order that only persons fit for this office, endowed with qualities of good character, proper conduct, right doctrines, consistent faith, devotion to God, and mature thinking and efficiency are elected, such that it helps the growth of the Church, the benefit of the people of God and above all for the glory of God.

Dearly beloved, let us fervently hope and pray that the Heavenly Father who had blessed us from time to time with eminent leaders as Episcopas for the Church in the past, would help us in this hour of need as well.

Grace be with all of you.

Dated 20th February 2023, from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**